(ബി) സുരക്ഷിതമല്ലാത്ത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം അങ്കണവാടികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിർമ്മാണം കഴിഞ്ഞിട്ടും അങ്കണവാടികൾക്കായി കൈമാറാത്ത കെട്ടിടങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വികലാംഗർക്കായി മുച്ചക്രവാഹനങ്ങൾ

346(1725) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ സൗജന്യമായി ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ 313 പേർക്ക് മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽപ്പെട്ട 62 ഭിന്നശേഷിക്കാർക്ക് 10-2-2016-ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് വിതരണം ചെയ്തിട്ടുണ്ട്. മുച്ചക്ര സ്കൂട്ടറിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളുടെ മുൻഗണനപ്രകാരം 100 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 70 ലക്ഷം രൂപ ഇതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വികലാംഗർക്കായി മുച്ചക്രവാഹനം വിതരണം ചെയ്യുന്നതിലേക്കായി 2 കോടി രൂപ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്.

പ്രായാധിക്യമുള്ള മാതാപിതാക്കളുടെ സംരക്ഷണം

347(1726) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായാധിക്യമുള്ള മാതാപിതാക്കളെ സംരക്ഷിക്കുവാൻ നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തെല്ലാം എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly